## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5765** — **29.07.2015-ന് മറുപടിക്ക്**

## പരിസ്ഥിതി സംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) പരിസ്ഥിതി സംരക്ഷണത്തിനായി സംസ്ഥാന പരിസ്ഥിതി വകുപ്പ് ഏതെല്ലാം തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്ന് വിശദമാക്കാമോ ; | (എ) പരിസ്ഥിതി സംരക്ഷണത്തിനായി പരിസ്ഥിതി വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1. കോളേജുകളിലും ഹയർസെക്കന്ററി സ്കൂളുകളിലും പരിസ്ഥിതി ക്ലബ്ബുകൾ സ്ഥാപിച്ച് വിദ്യാർത്ഥികളിൽ പാരിസ്ഥിതിക അവബോധവും പരിസ്ഥിതി സംരക്ഷണത്തിനുള്ള ജാഗ്രതയും വളർത്തി പാരിസ്ഥിതിക പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ഭൂമിത്ര സേന എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br>2. കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സർക്കാരിതര സംഘടനകൾ എന്നിവ വഴി സുസ്ഥിര ജീവിതം ഊർജ്ജ സംരക്ഷണത്തിലൂടെ എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിന് പാരിസ്ഥിതികം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.<br>3. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബിരുദാനന്തരബിരുദ തലത്തിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി പരിസ്ഥിതി പോഷിണി എന്ന ഫെല്ലോഷിപ്പ് നടപ്പിലാക്കിവരുന്നു.<br>4. കേന്ദ്രസർക്കാരിന്റെ ഒറ്റത്തവണ അധിക ധനസഹായത്തോടെ തിരുവനന്തപുരം നഗരസഭയുമായി ചേർന്ന 'നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ' എന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.<br>5. മലിനീകരണ നിയന്ത്രണത്തിനും അതുവഴി പരിസ്ഥിതി സംരക്ഷണത്തിനുമായി എൻവയോൺമെന്റ് സർവയലൻസ് സെന്റർ സർവയലൻസ് ക്യാമറകൾ, ജല-വായു ഗുണനിലവാര പരിശോധനയ്ക്കായി NABL അക്രഡിറ്റേഷനോടുകൂടിയ പരിശോധനശാലകൾ തത്സമയ ജലവായു ഗുണനിലവാരം പരിശോധിക്കുന്ന മോണിട്ടറിംഗ് സ്റ്റേഷനുകൾ മുതലായവ പ്രവർത്തിച്ചുവരുന്നു.<br>6. ജൈവവൈവിധ്യ സംരക്ഷണം, കായൽ സംരക്ഷണം, കന്നുകാലികൾ, ഉൾനാടൻ മത്സ്യയിനങ്ങൾ, കടലാമകൾ മുതലായവയുടെ സംരക്ഷണം തുടങ്ങിയവയ്ക്കുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. |

(contd........2...)

7. മനുഷ്യനും ജീവജാലങ്ങൾക്കാകെയും ദുരന്തം സൃഷ്ടിക്കാവുന്ന കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനുള്ള കേരള സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച് എന്ന കർമ്മപദ്ധതി തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം ഏജൻസികൾ വഴിയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(ബി) സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റ് എന്നിവ വഴിയാണ് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

സെക്ഷൻ ഓഫീസർ